അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തെ സംബന്ധിച്ച് കൂടുതൽ വ്യക്തത നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ട സാഹചര്യത്തിൽ അക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പ്രൊമോട്ടർമാരുടെ ഓണറേറിയം**

**86 (7383)** ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്രപേരെ ന്യൂനപക്ഷ പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ട് ; ഇവരുടെ കാലാവധി എന്നത്തേക്കാണ് അവസാനിക്കുന്നത് ; കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇവർക്ക് ഓണറേറിയം നൽകുന്നതിനായി ഇതിന് എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

**ഉത്തരം**

(എ) 903 ന്യൂനപക്ഷ പ്രൊമോട്ടർമാരെ ഒരു വർഷത്തേക്ക് നിയമിച്ചിട്ടുണ്ടായിരുന്നു. ഇവരുടെ സേവന കാലാവധി 10-3-2014-ന് അവസാനിച്ചു. കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ തീരുമാനിച്ചിട്ടില്ല.

(ബി) പ്രതിമാസം നാലായിരം രൂപ തോതിൽ ഓണറേറിയം നൽകുന്നതിന് (903 X 4000 X 12) = 43344000 രൂപ(നാല് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തി നാലായിരം രൂപ മാത്രം) ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

**ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

**87 (7384)** ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷക്ഷേമവകുപ്പുവഴി നൽകുന്ന ആനുകൂല്യങ്ങളിൽ കുടിശ്ശിക വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

**ഉത്തരം**

കുടിശ്ശിക വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly